**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4435** **19-07-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനസൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആദിവാസി മേഖലയിലെ പൊതുവിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്ത എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ വിദ്യാർഥികൾക്കും ഡിജിറ്റൽ പഠന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി ഈ സർക്കാർ സ്വീകരിച്ചിരുന്നു. ഇതിനായി ലാപ്ടോപ്പുകൾ KITE മുഖേന വിതരണം ചെയ്യുകയുണ്ടായി. പുതിയ അധ്യയനവർഷം ആരംഭിച്ച സാഹചര്യത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർഥികളുടെ എണ്ണം ശേഖരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതാണ് . |
| (ബി) | പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്നും ഇവർക്ക് പൂർണ്ണമായും ഡിജിറ്റൽ പഠനസൗകര്യം ഉറപ്പുവരുത്താനായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (ബി) | നെറ്റ്‌വർക്ക് കണക്ടിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് ബി.എസ്.എൻ.എൽ മുഖേന എസ്റ്റിമേറ്റുകൾ ലഭ്യമാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്ക് വിധേയമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത 1284 കോളനികളിൽ 1006 കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 6.14 കോടി രൂപ ചെലവഴിച്ച് നെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി കോളനികളിൽ നെറ്റ് കണക്ടിവിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് നെറ്റ് കണക്ഷൻ നൽകുന്നതിനായി ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി ഐ.റ്റി. മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും വകുപ്പിന്റെ ഉദ്യോഗസ്ഥൻമാരും സംയുക്തമായി ഉറപ്പ് വരുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ കോളനികളിൽ ഒരുക്കിയിട്ടുള്ള 250 സാമൂഹ്യ പഠനമുറികളിലൂടെ ഓൺലൈൻ പഠനം സാധ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം പുതിയതായി 114 സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഊരു വിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ കോളനികളിലെ പൊതു ഇടങ്ങളിൽ താൽക്കാലികമായി ഓൺ ലൈൻ പഠന സൗകര്യം ഒരുക്കിയിരുന്നു. ഫെസിലിറ്റേറ്റർമാരുടെയും, മെന്റർ ടീച്ചർമാരുടെയും സഹായത്തോട്ടുകൂടി ഓൺലൈൻ പഠനത്തിനുള്ള സഹായം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ